ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവനത്തിനും അതുവഴി ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും മറ്റുമായി 500 കോടി രൂപയുടെ ഒരു സഹായനിധി വരുന്ന മൂന്നു വർഷത്തെ പ്രവർത്തനത്തിനുവേണ്ടി രൂപീകരിക്കുമെന്ന് 2003-04-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിലേക്ക് 2003-04 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തി അതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഖാദി മേഖലയിൽ 1-4-2003-ൽ കോസ്റ്റ് ചാർജ്ജ് പുതുക്കി നിശ്ചയിച്ചതു പ്രകാരം നൂൽപ്പുകാർക്ക് 10%വും പരുക്കൻ ഖാദി നെയ്ത്തുകാർക്ക് 20%വും കുപ്പടം നെയ്ത്തുകാർക്ക് 30%വും വേതന വർദ്ധന ലഭിക്കും. ഈ സാമ്പത്തിക വർഷത്തേയ്ക്ക് റിബേറ്റ് ഇനത്തിൽ 131.10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ മേഖലയിൽ തുടർച്ചയായി തൊഴിൽ ലഭ്യമാക്കുന്നതിനു നിലവിലുള്ള യൂണിറ്റുകൾ പുനരുദ്ധരിച്ചു പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. കശുവണ്ടി മേഖലയിൽ കശുവണ്ടി വികസനകോർപ്പറേഷന്റെ കീഴിലുള്ള 30 ഫാക്ടറികളിൽ 2001 ആഗസ്റ്റ് മുതൽ നിറുത്തിവച്ചിരുന്ന പ്രോസസിംഗ് ജോലി പുനരാരംഭിക്കാൻ സർക്കാർ കോർപ്പറേഷന് 1200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷൻ ബാങ്കുകൾക്ക് നൽകാനുള്ള 110 കോടി രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നതിനും തുടർച്ചയായി ബാങ്കുവായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ചും സർക്കാർ തലത്തിൽ കൺസോർഷ്യം ബാങ്കുകളായി ചർച്ച നടത്തുകയും ചെയ്തു. മൊത്തം 120 കോടി രൂപയുടെ ബാങ്കു ഗ്യാരന്റി സർക്കാർ 2003 വർഷത്തേക്കു പുതുക്കി നൽകിയിട്ടുണ്ട്. 2000 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനം നിറുത്തിവച്ചിരുന്ന കാപ്പക്സിനു കശുവണ്ടി വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നു 3 കോടി രൂപ നൽകിയതോടെ പ്രവർത്തനം പുനരാരംഭിക്കുകയും ഇതു മൂലം 2002-ൽ 29 ദിവസവും 2003 ഇതുവരെ 46 ദിവസവും തൊഴിലാളികൾക്കു തൊഴിൽ നൽകാൻ സാധിക്കുകയും ചെയ്തു. കൈത്തറി വ്യവസായം പുനരുദ്ധരിക്കുന്നതിനായി വൈവിധ്യമാർന്ന മൂല്യവർദ്ധനവു വരുത്തിയ, ആകർഷണീയമായ കൈത്തറി വസ്ത്രങ്ങൾ നെയ്തെടുക്കാനായി 25000-ത്തോളം തൊഴിലാളികൾക്കു സഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.സി.എച്ച്.പി.വൈ. നടപ്പാക്കുന്നു. ഇതു കൂടാതെ ദേശീയപരമായ സമുദായ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതി, മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഇവയും പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ഉന്നമനമാണ് ലക്ഷ്യമാക്കുന്നത്.

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതി

3 [5559] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നിലവിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ തൊഴിൽ രഹിതരായ യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (ഇ.ഡി.പി.) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലൂടെയാണ് നടപ്പിലാക്കുന്നത്. വ്യവസായങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി നടത്തുന്ന ഇത്തരം പ്രോഗ്രാമുകൾ പൊതുവായും ഏതെങ്കിലും ഒരു മേഖലയിൽ മാത്രമായും നടത്താറുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നേരിട്ടോ മറ്റ് ഏജൻസികൾ മുഖാന്തിരമായോ ആണ് ഇത് നടപ്പാക്കുന്നത്. ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ നൽകുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമായും ഇത് അംഗീകരിക്കുന്നത്. ഇത്തരം പ്രോഗ്രാമുകൾക്കുള്ള വിഹിതം ഇപ്പോൾ തീവ്രവ്യവസായ വൽക്കരണ (ഐ. ഐ. പി.) പദ്ധതിയിൽ നിന്നാണ് അനുവദിക്കുന്നത്.

കേന്ദ്ര സർക്കാർ പദ്ധതികൾ പ്രകാരമുള്ള ധനസഹായം ലഭിച്ച കേരളത്തിലെ സർക്കാരിതര സംഘടനകൾ

4 [5560] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സാമ്പത്തികവർഷം കേന്ദ്ര സർക്കാർ മാനവ വിഭവശേഷി വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരമുള്ള ധനസഹായം ലഭിച്ച കേരളത്തിലെ സർക്കാരിതര സംഘടനകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സംഘടനയ്ക്കും ലഭിച്ച തുക എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക അനുവദിച്ച ആവശ്യത്തിനു തന്നെ ചെലവഴിച്ചിട്ടുണ്ടോ എന്ന് സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) തുടർന്നുള്ള ഗ്രാന്റിനുള്ള അപേക്ഷ ലഭിക്കുമ്പോഴും കേന്ദ്ര സർക്കാരിൽ നിന്നും ആവശ്യപ്പെടുമ്പോഴും ഇക്കാര്യം പരിശോധിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly